## പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 204 18.03.2013-ൽ മറുപടിയ്ക്ക്

## കായികതാരങ്ങൾക്ക് ജോലി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. വർക്കല കഹാർ<br>ശ്രീ.പാലോട് രവി<br>ശ്രീ.വി.ഡി.സതീശൻ | | ശ്രീ.കെ.ബി.ഗണേഷ്കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ കായികതാരങ്ങൾക്ക് ജോലി നൽകുന്നതിൽ സുതാര്യത ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ; വിശദമാക്കുമോ ; | (എ) | സ്പോർട്സ് ക്വാട്ട നിയമന പദ്ധതിപ്രകാരം കായികതാരങ്ങൾക്ക് സർക്കാർ ജോലി നൽകുന്നതിന് സുതാര്യമായ നടപടി ക്രമങ്ങൾ പാലിക്കുന്നുണ്ട്. ഇതു സംബന്ധിച്ച് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങൾ പ്രകാരം അപേക്ഷകൾ ക്ഷണിക്കുകയും ഇങ്ങനെ ലഭിക്കുന്ന അപേക്ഷകൾ പൊതുഭരണവകുപ്പ് സെക്രട്ടറി ചെയർമാനും, കായികയുവജനകാര്യവകുപ്പ് സെക്രട്ടറി, സംസ്ഥാന പോലീസ് മേധാവി, എംപ്ലോയ്മെന്റ് ഡയറക്ടർ, സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് എന്നിവർ അംഗങ്ങളുമായ സെലക്ഷൻ കമ്മിറ്റി പരിശോധിച്ച് സെലക്ട് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തി മുൻഗണനാക്രമത്തിൽ നിയമനം നൽകി വരുന്നു. |
| (ബി) ഇതിനായി ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി), (സി) & (ഡി) | ഉണ്ട്. സ്പോർട്സ് ക്വാട്ടാ നിയമനത്തിൽ വരുന്ന കാലതാമസം ഒഴിവാക്കുന്നതിന് മുൻഗണന നൽകി, ഓൺലൈൻ സംവിധാനം നടപ്പിലാക്കുന്നതിനായി NIC-യുമായി ചർച്ചകൾ നടന്നുവരുന്നു. |
| (സി) നിയമനം നൽകുന്ന കാര്യത്തിൽ എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത സംവിധാനത്തിലൂടെ ഏർപ്പെടുത്താനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ; | | |
| (ഡി) ഇതിനായി എന്തെല്ലാം കാര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ട് ; വിശദാംശങ്ങൾ നൽകുമോ ? | | |

സെക്ഷൻ ഓഫീസർ